**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 917** **06-02-2023 - ൽ മറുപടിയ്ക്ക്**

**ദേവസ്വം ബോർഡുകൾക്കുള്ള സാമ്പത്തിക സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിവിധ ദേവസ്വം ബോർഡുകൾക്ക് സർക്കാർ സാമ്പത്തിക സഹായം നൽകിവരുന്നുണ്ടോ; എങ്കിൽ കഴിഞ്ഞ അഞ്ചു വർഷം വിവിധ ദേവസ്വം ബോർഡുകൾക്ക് ലഭ്യമാക്കിയ സാമ്പത്തിക സഹായം സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) | സംസ്ഥാനത്തെ വിവിധ ദേവസ്വം ബോർഡുകൾക്ക് സർക്കാർ സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്. വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. |
| (ബി) | ഹിന്ദു ക്ഷേത്രങ്ങൾ ഉൾപ്പെടെയുള്ള വിവിധ ആരാധനാലയങ്ങൾക്ക് സർക്കാർ നേരിട്ട് സാമ്പത്തിക സഹായം നൽകാറുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (ബി) | ഹിന്ദു ക്ഷേത്രങ്ങളിൽ ശ്രീപദ്മനാഭസ്വാമി ക്ഷേത്രം ഒഴികെയുള്ളവയ്ക്ക് സർക്കാർ ദേവസ്വം വകുപ്പിൽ നിന്ന് നേരിട്ട് സാമ്പത്തിക സഹായം നൽകുന്നില്ല. ദേവസ്വം ബോർഡുകൾക്കാണ് സർക്കാർ ധനസഹായം നൽകുന്നത്. എന്നാൽ ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിനു annual contribution ആയി ഓരോ വർഷവും 20 ലക്ഷം രൂപയും കോവിഡാനന്തരം സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ പലിശരഹിത വായ്പയായി 2 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. |
| (സി) | കഴിഞ്ഞ മണ്ഡലകാലത്തെ ശബരിമല ക്ഷേത്രത്തിലെ വരുമാനം തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ? | (സി) | കഴിഞ്ഞ മണ്ഡലകാലത്തെ ശബരിമല ക്ഷേത്രത്തിലെ വരുമാനം 351 കോടി രൂപ യാണ്. കാണിക്കയായി ലഭിച്ച നാണയങ്ങൾ എണ്ണിതിട്ടപ്പെടുത്തി വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | ബോർഡ് | ഇനം | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|---|---|
| 1 | തിരുവിതാംകൂർ ദേവസ്വം ബോർഡ് | Annual contribution | 80 ലക്ഷം | 80 ലക്ഷം | 40 ലക്ഷം | 40 ലക്ഷം | 80 ലക്ഷം |
| | | കോവിഡ് ധനസഹായം | - | - | 30 കോടി | 90 കോടി | 20 കോടി |
| | കൊച്ചിൻ ദേവസ്വം ബോർഡ് | കോവിഡ് ധനസഹായം | - | - | - | 25 കോടി | - |
| 2 | | കുളം-കാവ് - ആൽത്തറ നവീകരണം | - | - | - | 23.17 ലക്ഷം | 25,000/- (ഫോറസ്റ്റ് കൺസർവേറ്റർ ഓഫീസിൽ നിന്ന് ധനസഹായം ലഭിച്ചത്) |
| 3 | മലബാർ ദേവസ്വം ബോർഡ് | ഗ്രാന്റ് ഇൻ എയ്ഡ് (സാലറി + നോൺ സാലറി) | 26.77 കോടി | 34.92 കോടി | 16.86 കോടി | 40.61 കോടി (20 കോടി കോവിഡ് ധനസഹായം) | 30.77 കോടി |
| | | ആചാര സ്ഥാനികർ - കോലധാരികൾ പ്രതിമാസ ധനസഹായം | 2.06 കോടി | 1.25 കോടി | 1.25 കോടി | 3.64 കോടി | 1.25 കോടി |
| | | കുളം-കാവ് - ആൽത്തറ നവീകരണം | 0 | 73.51 ലക്ഷം | 0 | 0 | 25 ലക്ഷം |
| | | ക്ഷേത്രകലാ അക്കാദമിയുടെ പ്രവർത്തനം | 5 ലക്ഷം | 5 ലക്ഷം | 5ലക്ഷം | 5 ലക്ഷം | 0 |
| 4 | കൂടൽമാണിക്യം ദേവസ്വം ബോർഡ് | കോവിഡ് ധനസഹായം | 0 | 0 | 0 | 15 ലക്ഷം | 0 |
| 5 | ഗുരുവായൂർ ദേവസ്വം | സർക്കാർ സാമ്പത്തിക സഹായം നൽകിയിട്ടില്ല. | | | | | |
| 6 | കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് | ഗ്രാന്റ് ഇൻ എയ്ഡ് (സാലറി + നോൺ സാലറി) | 1.70 കോടി | 1.94 കോടി | 1.84 കോടി | 2.35 കോടി | 2.37 കോടി |